# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ (Biodiversity Heritage Sites-BHSs) തെരഞ്ഞെടുക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

**1. ആമുഖം**

2002 ലെ ജൈവവൈവിധ്യ നിയമത്തിലെ 37-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ജൈവ വൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായി (BHS) ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതാണ്.

37-ാം വകുപ്പിലെ ഉപവകുപ്പ് (2) പ്രകാരം, സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര സർക്കാരുമായി കൂടിയാലോചിച്ച് ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

37-ാം വകുപ്പിലെ ഉപവകുപ്പ് (3) പ്രകാരം സംസ്ഥാന സർക്കാരിന്, ഇത്തരം വിജ്ഞാപനം മൂലം സാമ്പത്തികമായി ബാധിക്കുന്ന ഏതൊരു വ്യക്തിയെയോ, ജനവിഭാഗത്തിനെയോ പുനഃരധിവസിപ്പിക്കുന്നതിനോ, നഷ്ടപരിഹാരം നൽകുന്നതിനോ ആവശ്യമായ പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

ആക്ടിലെ മേൽപ്രസ്താവിച്ച വ്യവസ്ഥകൾക്കനുസൃതമായി, ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ തെരഞ്ഞെടുക്കലിനും, പരിപാലനത്തിനുമായി, ദേശീയ ജൈവവൈവിധ്യ അതോറിറ്റി (National Biodiversity Authority-NBA) താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

**2. ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ പ്രാധാന്യവും ഉദ്ദേശ്യങ്ങളും**

a) ജൈവവൈവിധ്യം എന്ന് പറയുന്നത് പാരിസ്ഥിതിക സുരക്ഷയുമായി വളരെയടുത്ത് ബന്ധപ്പെട്ടിരിക്കുന്നതിനാൽ ജനക്ഷേമവും അതിലുൾപ്പെടുന്നു. പരമ്പരാഗതമായി പരിപാലിച്ചുവരുന്ന പ്രദേശങ്ങളിലെ ജൈവവൈവിധ്യ സംരക്ഷണം ശാക്തീകരിക്കുന്നതിനും, തീവ്രമായി പരിപാലിച്ചുവരുന്ന പ്രദേശങ്ങളിലെ ദ്രുതഗതിയിലുള്ള ജൈവവൈവിധ്യ ശോഷണത്തിന് തടയിടുന്നതിനും, ഇത്തരം പ്രദേശങ്ങളിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

b) ഇത്തരം പ്രദേശങ്ങൾ മുഖ്യമായും പ്രകൃതി, സംസ്ക്കാരം, സമൂഹം, സാങ്കേതിക വിദ്യകൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, സംരക്ഷണവും ഉപജീവനമാർഗ്ഗവും ഒരുമിച്ച് സാധ്യമാക്കുന്നതിനും, വന്യമായിട്ടുള്ളതും പോറ്റി വളർത്തുന്നതുമായിട്ടുള്ള ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്നതിനും സാധിക്കുന്നു.

c) ഒരു ജനസമൂഹം അധിവസിക്കുന്ന പ്രദേശത്തിനോടനുബന്ധിച്ച് ഒരു ജൈവ വൈവിധ്യ പൈതൃക കേന്ദ്രം (ബി.എച്ച്.എസ്സ്.) ഉണ്ടാകുകയെന്നുപറഞ്ഞാൽ, അവർക്ക് അഭിമാനമുണ്ടാക്കുന്ന കാര്യമാണ്. വരുംതലമുറകൾക്ക് വിഭവങ്ങളുടെ

ലഭ്യത ഉറപ്പുവരുത്തുന്നത് കൂടാതെ, സമൂഹത്തിന്റെ ഇത്തരം സൽപ്രവൃത്തികൾ രാജ്യത്തിനാകമാനം മാതൃകയാകുന്നതാണ്. പൊതുവെ കാവുകൾ പോലുള്ള പ്രദേശങ്ങളെ പ്രത്യേകിച്ചും, പശ്ചിമഘട്ടത്തിൽ നിലനിൽക്കുന്നവയെ നേരിട്ട് ബി.എച്ച്.എസ്സ്. ആയി വിജ്ഞാപനം ചെയ്യാവുന്നതാണ്.

d) സംരക്ഷണത്തിന്റെ നൈതികതയെക്കുറിച്ച് എല്ലാവിഭാഗം ജനങ്ങളിലും അവബോധം ഉണ്ടാക്കേണ്ടത് ആവശ്യമാണ്. സമൂഹത്തിൽ ഇത്തരം മൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിന് ബി.എച്ച്.എസ്സ്. രൂപീകരണത്തിലൂടെ സാധിക്കുന്നതാണ്. അതിലൂടെ പ്രകൃതിവിഭവങ്ങളിന്മേലുള്ള അമിതചൂഷണവും, പാരിസ്ഥിതിക ശോഷണവും ഇല്ലാതാക്കുന്നതിന് സാധിക്കും.

e) ബി.എച്ച്.എസ്സ്. രൂപീകരണത്തിലൂടെ പ്രാദേശിക സമൂഹത്തിൽ (ഓരോ വ്യക്തിയും സ്വമേധയാ കൈക്കൊള്ളുന്ന നിയന്ത്രണങ്ങളല്ലാതെ) നിലവിലെ പ്രവർത്തനങ്ങൾക്കോ ആചാരങ്ങൾക്കോ യാതൊരുവിധ നിയന്ത്രണവും ഉണ്ടാകുന്നതല്ല.

**3. നിർവ്വചനം**

കര, ഉൾനാടൻ ജലാശയങ്ങൾ, തീരപ്രദേശം, സമുദ്രം തുടങ്ങിയ ജൈവവൈവിധ്യത്താൽ സമ്പന്നമായ അനന്യമായിട്ടുള്ള പരിസ്ഥിതി ലോല ആവാസവ്യവസ്ഥകളാണ് "ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ (BHS)". വന്യമായിട്ടുള്ളതും, പോറ്റിവളർത്തുന്നതുമായിട്ടുള്ള ജൈവജാതിയിനങ്ങൾ, തനതു ജൈവജാതിയിനങ്ങൾ (സ്ഥാനീയങ്ങൾ), മുഖ്യ ജൈവജാതിയിനങ്ങൾ (Keystone species), അപൂർവ്വവും വംശനാശഭീഷണി നേരിടുന്നതുമായിട്ടുള്ള ജൈവജാതിയിനങ്ങളുടെ സാന്നിധ്യം, പരിണാമ പ്രാധാന്യമുള്ളവ, വിളകളുടെയും/ വളർത്തുമൃഗങ്ങളുടെയും വന്യബന്ധുക്കൾ, ഭൂതകാലത്തിലെ ജൈവാവശിഷ്ടങ്ങളടങ്ങിയ ഫോസിൽ തട്ടുകൾ, സാംസ്കാരിക വൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങൾ തുടങ്ങിയവ ഇതിലുൾപ്പെടും.

**4. ബി.എച്ച്.എസ്സ്.-തെരഞ്ഞെടുക്കലിനുള്ള മാനദണ്ഡങ്ങൾ**

താഴെപ്പറയുന്ന സവിശേഷതകളുള്ള പ്രദേശങ്ങളെ ബി.എച്ച്.എസ്സ്. ആക്കുന്നതിന് പരിഗണിക്കാവുന്നതാണ്.

a) വൈവിധ്യമാർന്ന ജീവജാലങ്ങളുൾപ്പെട്ട പ്രകൃത്യാലുള്ളതോ, മനുഷ്യ നിർമ്മിതമോ ആയിട്ടുള്ള വാസസ്ഥലങ്ങൾ.

b) കാർഷികവൃത്തി തുടർന്നുവരുന്ന കാർഷിക ആവാസകേന്ദ്രങ്ങൾ, വളർത്തു ജീവജാല വൈവിധ്യമുള്ള പ്രദേശങ്ങൾ.

c) ജൈവവൈവിധ്യത്താലും സാംസ്ക്കാരികപരമായും പ്രാധാന്യമുള്ള കാവുകൾ/ വൃക്ഷങ്ങൾ പോലുള്ള ജൈവവൈവിധ്യ സംരക്ഷണ കേന്ദ്രങ്ങൾ, തദ്ദേശീയ സമൂഹങ്ങൾ സംരക്ഷിച്ചുവരുന്ന പ്രദേശങ്ങൾ.

d) സ്ഥാനീയങ്ങളും, വംശനാശഭീഷണി നേരിടുന്നതുമായിട്ടുള്ള സസ്യ-ജന്തുജാല ങ്ങളുടെ അഭയാരണ്യങ്ങൾ, ഇടനാഴികൾ, സാമൂഹിക സംരക്ഷിത കേന്ദ്രങ്ങൾ, നഗര ജൈവവൈവിധ്യ കേന്ദ്രങ്ങൾ, തണ്ണീർത്തടങ്ങൾ.

e) മേൽ പ്രസ്താവിച്ച വിഭാഗങ്ങളിലുള്ള സർക്കാരിന്റേതോ, സ്വകാര്യ ഉടമസ്ഥതയി ലുള്ളതോ ആയ സ്ഥലങ്ങൾ.

f) 1972 ലെ വന്യജീവി സംരക്ഷണ നിയമ ഭേദഗതി പ്രകാരം സംരക്ഷിത മേഖലയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങൾ.

g) ആഹാരത്തിനും, പ്രത്യുൽപ്പാദനത്തിനുമായി ദേശാടന ജീവികൾക്ക് വാസസ്ഥല മായി വർത്തിക്കുന്ന കര/തണ്ണീർത്തട പ്രദേശങ്ങൾ.

h) വനം വകുപ്പിന്റെ ഗവേഷണ വിഭാഗം സംരക്ഷിത പ്രദേശമായി നിലനിർത്തി വരുന്ന പ്രദേശങ്ങൾ.

i) ഔഷധസസ്യ സംരക്ഷണ പ്രദേശങ്ങൾ.

**5. ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളുടെ കണ്ടെത്തലും പ്രഖ്യാപനവും**

ബി.എച്ച്.എസ്സ്. ആയി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന ജൈവവൈ വിധ്യ ബോർഡുകൾക്ക് ബി.എം.സി.കൾ (ജൈവവൈവിധ്യ പരിപാലന സമിതികൾ) മുഖേനയോ, ഗ്രാമസഭകൾ, പഞ്ചായത്തുകൾ, നഗരസഭകൾ, വന സംരക്ഷണ സമിതി കൾ, ആദിവാസി കൗൺസിലുകൾ തുടങ്ങിയവ വഴിയോ ക്ഷണിക്കാവുന്നതാണ്. നിർദ്ദിഷ്ട ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തെപ്പറ്റിയുള്ള വിവരങ്ങൾ വ്യവസ്ഥക ളുൾപ്പെടെ ഗ്രാമവാസികൾ, സന്നദ്ധസംഘടനകൾ, കർഷക/മത്സ്യബന്ധന/ആദി വാസി സംഘടനകൾ, നഗരസംഘടനകൾ, ഗവേഷണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, മറ്റ് സംഘടനകൾ, തുടങ്ങിയവർക്ക് പ്രാദേശിക മാർഗ്ഗങ്ങളിലൂടെ എത്തിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ കൈക്കൊള്ളേണ്ടതാണ്. പ്രാദേശിക ദിനപ്പത്രങ്ങളിലൂടെയും, റേഡിയോയിലൂടെയും, യോഗങ്ങൾ വിളിച്ചുകൂട്ടിയും, ബന്ധപ്പെട്ട വകുപ്പുകളുമായി കത്തുകളിലൂടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും ഇവ നടപ്പിലാക്കാവുന്നതാണ്. കൂടാതെ താഴെപ്പറയുന്ന രീതികളും അവലംബിക്കാവുന്നതാണ്.

a) സന്നദ്ധസംഘടനകൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, ബി.എം.സി.കൾ, പരി സ്ഥിതി വികസന പ്രവർത്തനങ്ങൾക്കായി സ്വമേധയായും, പാരിസ്ഥിതിക പദ്ധതി കൾക്ക് കീഴിലും പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപന ങ്ങൾക്ക് ബി.എച്ച്.എസ്സ്. പ്രഖ്യാപനത്തിനായി നിർദ്ദേശിക്കുന്നതിന് മുൻകൈയ്യെ ടുക്കാവുന്നതാണ്.

b) സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്ക് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ബി.എച്ച്.എസ്സ്. ആയി പരിഗണിക്കാവുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കി

ക്കൊണ്ടിരിക്കുമ്പോൾ തന്നെ ബി.എച്ച്.എസ്സ്. ആക്കുന്നതിനുള്ള അപേക്ഷകളും നിർദ്ദേശങ്ങളും ഓരോന്നായി പരിഗണിക്കാവുന്നതാണ്.

c) തദ്ദേശസ്ഥപനങ്ങൾ, ഗ്രാമസഭകൾ, നഗരസഭ സമിതികൾ, മറ്റ് പ്രാദേശിക സ്ഥാപനങ്ങൾ എന്നിവരുമായി പൊതുചർച്ച സംഘടിപ്പിക്കണം. ചർച്ചയിൽ പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കണം.

d) ഗ്രാമസഭകളുടെ/നഗരസഭകളുടെ അംഗീകാരം ലഭിച്ചാൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബി.എച്ച്.എസ്സിന്റെ അതിരുകൾ നിർണ്ണയിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനമിറക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്. അതിലേക്കായി ചില പ്രാഥമിക സർവ്വേകളും, മാപ്പിംഗും, ബി.എച്ച്.എസ്സ്. പരിപാലനത്തിനായി എന്തെങ്കിലും നിയന്ത്രണങ്ങൾ ആവശ്യമെങ്കിൽ അതും നടത്തേണ്ടതാണ്. ഇക്കാര്യം പ്രാദേശിക മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ച് തൽപ്പരകക്ഷികളിൽ നിന്നും അഭിപ്രായം എടുക്കേണ്ടതാണ്. പ്രത്യേകിച്ചും നിർദ്ദിഷ്ട ഭൂമിയിന്മേൽ വ്യക്തികൾക്കോ, സമൂഹങ്ങൾക്കോ ഉടമസ്ഥാവകാശം ഉണ്ടെങ്കിൽ.

e) നിർദ്ദേശങ്ങളുടെയും എതിർപ്പുകളുടെയും അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ബി.എം.സി./ പ്രാദേശിക സ്ഥാപനങ്ങൾ/ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച്, ബി.എച്ച്.എസ്സിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനാവശ്യമായ പഠനങ്ങൾ നടത്തേണ്ടതാണ്. പ്രസ്തുത സമിതിയിൽ അംഗങ്ങൾ 12 പേരിൽ കൂടാൻ പാടില്ലാത്തതും സമിതിയെ നയിക്കുന്നതിന് തദ്ദേശീയരിൽ നിന്നും ഒരു അംഗത്തെയും ഉൾപ്പെടുത്തേണ്ടതാണ്.

   i. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന എല്ലാ സാമൂഹിക -സാമ്പത്തിക വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന അറിവുള്ളവരും പരിചയസമ്പന്നരുമായ സ്ത്രീകളും പുരുഷന്മാരും.

   ii. പരിസ്ഥിതി/സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന ഒന്നോ രണ്ടോ സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ (ബ.എച്ച്.എസ്സി.ലെ സസ്യ-ജന്തുജാലങ്ങളെക്കുറിച്ച് ധാരണയുള്ള ജീവശാസ്ത്രജ്ഞന്മാർ ഉൾപ്പെടെ).

   iii. സാമൂഹിക പ്രശ്നങ്ങളുമായി (ലിംഗം, ഉപജീവനമാർഗ്ഗം തുടങ്ങിയവ) ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒന്നോ, അതിലധികമോ സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ.

   iv. കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള ഒന്നോ, അതിലധികമോ സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ.

   v. കൃഷി, വനം, മറ്റു ബന്ധപ്പെട്ട വകുപ്പുകളിലെ ഗവേഷണ വിഭാഗം.

   vi. പ്രദേശത്തിനടുത്തുള്ള കോളേജ്/യൂണിവേഴ്സിറ്റിയിലെ സസ്യ-ജന്തുശാസ്ത്ര വിഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ.

f) മേൽപ്പറഞ്ഞ സമിതി ബന്ധപ്പെട്ട സമൂഹവുമായി കൂടിയാലോചിച്ച് തൊഴിൽ, ലിംഗ-സാമൂഹിക വേർതിരിവില്ലാതെ, ഒരു പഠനം നടത്തുന്നു (മൂന്നു മുതൽ ആറുമാസ കാലയളവിൽ). ഇത്തരം കൂടിയാലോചനകളിൽ വനത്തിൽ വസിക്കുന്നവർ, കർഷകർ, തീരദേശ വാസികൾ, നാടോടി സമൂഹങ്ങൾ, മറ്റ് തൊഴിൽ മേഖലയിൽ ഉൾപ്പെടുന്നവർ എന്നിവരെ കൃത്യമായും ഉൾപ്പെടുത്തണം. പ്രദേശത്ത് തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (PBR), മാപ്പിംഗ് സംവിധാനങ്ങൾ, മറ്റ് അനുയോജ്യ സാമഗ്രികൾ തുടങ്ങിയവ പഠനത്തിന് വിനിയോഗിക്കേണ്ടതാണ്. പഠനത്തിന് സഹായകമാകുന്ന വിധത്തിൽ സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ബന്ധപ്പെട്ട വിവരങ്ങളും, മാപ്പുകളും, മറ്റ് രേഖകളും നൽകി ഈ ഉദ്യമത്തോട് സഹകരിക്കേണ്ടതാണ്. താഴെപ്പറയുന്നവ പഠനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

i. കര/തണ്ണീർത്തടത്തിന്റെ ചരിത്രം, ഉടമസ്ഥാവകാശം, പൊതുമുതൽ ഉൾപ്പെടെ(Common Property Resources- CPRs), ഭരണപരമായ നിയന്ത്രണം, ഭൂവിനിയോഗം.

ii. സ്ഥല ഉടമസ്ഥാവകാശത്തിന്റെ നിലവിലെ സ്ഥിതി, പൊതുമുതലിന്മേലുള്ള കൈവശാവകാശങ്ങൾ/ പാട്ടവ്യവസ്ഥകൾ, കര/വന പ്രദേശങ്ങളിന്മേലുള്ള തർക്കങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, ഭൂവിനിയോഗ രീതികൾ (ജൈവവൈവിധ്യ ജീവനോപാധികൾ ഉൾപ്പെടെ), നിയമപരവും ഭരണപരവുമായ നിയന്ത്രണങ്ങൾ, അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ.

iii. സാമൂഹിക ഘടന, സ്വഭാവം, വിഭവങ്ങളിന്മേലുള്ള സാമൂഹികവും സാമ്പത്തികവും ലിംഗപരവുമായിട്ടുള്ള ആശ്രയത്വം, സാമൂഹിക-സാമ്പത്തിക, ജനസംഖ്യ വിവരണം.

iv. നിലവിലെ സ്ഥാപനങ്ങൾ, അവയുടെ സവിശേഷതകൾ, പ്രകൃതി വിഭവങ്ങളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ, തീരുമാനമെടുക്കുന്നതിൽ സ്ത്രീകളുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പങ്കാളിത്തം.

v. പ്രദേശത്തിന്റെ പാരിസ്ഥിതിക ഘടന, വന്യജീവികളുടെയും കാർഷിക വൈവിധ്യത്തിന്റെയും കൃത്യമായ മൂല്യം, ജൈവവൈവിധ്യം നേരിടുന്ന ഭീഷണികളും, സമ്മർദ്ദങ്ങളും, എന്തെങ്കിലും ഉണ്ടെങ്കിൽ.

vi. പ്രദേശം വന്യജീവികൾ ഇടനാഴിയോ, ഇടത്താവളമായോ, മറ്റേതെങ്കിലും തരത്തിലോ ഉപയോഗിക്കുന്നുണ്ടോ എന്നുള്ളത് സംബന്ധിച്ച്.

vii. ജൈവവൈവിധ്യത്തെ ബാധിക്കുന്ന സമൂഹത്തിൽ പിന്തുടരുന്ന(കൃഷിപരമായതുൾപ്പെടെ) ആചാരനുഷ്ഠാനങ്ങൾ (നല്ലതും, മോശമായതും).

viii. പ്രദേശത്ത് ജീവനോപാധിക്കുള്ള സാധ്യതകൾ(വിഭവ ഉപയോഗം, സാമൂഹിക ഇക്കോടൂറിസം, തുടങ്ങിയവ ഉൾപ്പെടെ)

ix. ജനങ്ങൾക്ക് ജൈവവൈവിധ്യത്തിന്മേലുള്ള നിയന്ത്രണങ്ങൾ മൂലമുള്ള പരിണതഫലങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ.

g) സമിതിയുടെ പഠനറിപ്പോർട്ട് ബി.എം.സി.യ്ക്കോ, ബി.എം.സി. ഇല്ലാത്ത പക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധമുള്ള പ്രാദേശിക സ്ഥാപനങ്ങൾക്കോ സമർപ്പിക്കുന്നു. റിപ്പോർട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് സമർപ്പിക്കുന്നതിന് മുൻപ് സമിതിയുടെ കണ്ടെത്തലുകൾ (പ്രാദേശിക ഭാഷയിന്മേലുള്ളത്) ബി.എച്ച്.എസ്സ്. പ്രഖ്യാപനത്തിനുള്ള രൂപരേഖ സഹിതം ബന്ധപ്പെട്ട സമൂഹത്തിലും തൽപ്പരകക്ഷികൾക്കിടയിലും പ്രചരിക്കുന്നു.

h) ബി.എച്ച്.എസ്സ്. സർവ്വേ ഗ്രൂപ്പ്/ബി.എം.സി. സമർപ്പിച്ച രേഖകൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് വിശകലനം ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട സമൂഹത്തിന്റെ അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ അവ ഉൾപ്പെടെ.

i) നിർദ്ദിഷ്ട സ്ഥലത്ത് എല്ലാ തൽപ്പരകക്ഷികളെയും വിളിച്ചുകൂട്ടി അവസാന തീരുമാനം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൈക്കൊള്ളുന്നതാണ്.

j) മാധ്യമങ്ങളിലൂടെ പ്രത്യേകിച്ചും, പ്രാദേശിക ഭാഷയിൽ നല്ലരീതിയിൽ പ്രചാരണം നൽകിക്കൊണ്ട് കരടു വിജ്ഞാപനവും, ബി.എച്ച്.എസ്സി.ന്റെ പ്രഖ്യാപനം പുറപ്പെടുവിക്കലും സംസ്ഥാനതലത്തിൽ നടത്തേണ്ടതാണ്.

k) ബി.എച്ച്.എസ്സിന്റെ കരടു വിജ്ഞാപനമിറക്കി 30 ദിവസത്തിനുശേഷം, ബി.എം.സിയോ, ബി.എം.സി.യുടെ അസാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധമുള്ള മറ്റുസ്ഥാപനങ്ങളോ, തദ്ദേശ സ്ഥാപനങ്ങളുമായിച്ചേർന്ന് ഒരു പൊതു അദാലത്ത് നടത്തേണ്ടതാണ്. അതിൽ ബി.എച്ച്.എസ്സിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വയ്ക്കേണ്ടതും, പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങൾ റെക്കോർഡ് ചെയ്യേണ്ടതും, ബി.എച്ച്.എസ്സ്. പ്രഖ്യാപനവുമായി ബന്ധപ്പെട്ട പരിണതഫലങ്ങളെക്കുറിച്ചുള്ള ആശങ്കകൾ എന്തെങ്കിലുമുണ്ടെങ്കിൽ ദൂരീകരിക്കേണ്ടതുമാണ്. ബി.എച്ച്.എസ്സ്. പ്രഖ്യാപനത്തിലൂടെ പ്രാദേശിക ജനതയുടെ പരമ്പരാഗത അവകാശങ്ങൾക്കോ പരിഗണനകൾക്കോ യാതാരുവിധ മാറ്റവും സംഭവിക്കുന്നതല്ലെന്നുള്ള വിശ്വാസം അവരിൽ ഉണ്ടാക്കേണ്ടതാണ്.

l) ബി.എച്ച്.എസ്സ്. പ്രഖ്യാപനത്തിനു ശേഷം സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ബി.എച്ച്.എസ്സ്. സ്ഥാപിച്ചതിനെക്കുറിച്ച് എല്ലാ ബന്ധപ്പെട്ട വകുപ്പുകളെയും അറിയിക്കേണ്ടതാണ്.

m) മേൽ പ്രസ്താവിച്ച നടപടിക്രമങ്ങൾ എല്ലാ സാഹചര്യത്തിലും അനിവാര്യമാണെങ്കിലും, അടിയന്തിരമായി ബി.എച്ച്.എസ്സ്. പ്രഖ്യാപിക്കേണ്ട സാഹചര്യത്തിൽ സമൂഹത്തിന്റെ പിന്തുണ അതോടൊപ്പം കിട്ടിയെന്നുവരില്ല. ചില സന്ദർഭങ്ങളിൽ നിലവിൽ സംരക്ഷിച്ചു വരുന്ന പ്രദേശങ്ങളെ അടിയന്തിരമായി ബി.എച്ച്.എസ്സ്. ആക്കണമെന്ന് സമൂഹത്തിൽ നിന്നും നിർദ്ദേശം വന്നേക്കാം. ഇത്തരം സാഹചര്യ

ങ്ങളിൽ, ഈവിധ വിശദപഠനങ്ങൾ വിജ്ഞാപനത്തിനായി ഒഴിവാക്കാവുന്നതാണ്, എന്നാൽ വിജ്ഞാപനത്തോടനുബന്ധിച്ച് യാതൊരുവിധ നിയന്ത്രണങ്ങളും ഏർപ്പെടുത്താനും പാടുള്ളതല്ല.

**6. ബി.എച്ച്.എസ്സ്. പരിപാലനം**

a) ജൈവവൈവിധ്യ പരിപാലന സമിതിയോ (ബി.എം.സി.), അവരുടെ അസാന്നിധ്യ ത്തിൽ തദ്ദേശ സ്ഥാപനം തീരുമാനിക്കുന്ന സ്ഥാപനങ്ങൾക്കോ നിയമപ്രകാര മുള്ള ചുമതലകൾക്കു പുറമെ ബി.എച്ച്.എസ്സിന്റെ പരിപാലനവും ഏറ്റെടുക്കേണ്ട താണ്. ബി.എച്ച്.എസ്സ് ഒന്നിൽ കൂടുതൽ തദ്ദേശ സ്ഥാപനങ്ങളിലായി വ്യാപിച്ചു കിടക്കുകയാണെങ്കിൽ അതിന്റെ പരിപാലനത്തിനായി ജൈവവൈവിധ്യ പൈതൃക കേന്ദ്ര പരിപാലന സമിതിയെ, ബി.എം.സി.യ്ക്കോ ബി.എം.സി.യുടെ അസാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട പ്രാദേശിക സ്ഥാപനങ്ങൾക്കോ, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാര ത്തോടെ ചുമതലപ്പെടുത്താവുന്നതാണ്.

b) ബി.എച്ച്.എസ്സ്. പരിപാലന സമിതിയിൽ പ്രാദേശിക സമൂഹത്തിലെ എല്ലാ വിഭാഗ ങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ്. പ്രത്യേകിച്ചും, പ്രകൃതി വിഭ വങ്ങളെ പ്രധാനമായും ആശ്രയിക്കുകയും, പരമ്പരാഗതമായി പ്രദേശത്തെ സംര ക്ഷിച്ച് വരുന്നവരുമായവരെ ഉൾപ്പെടുത്തണം.

c) 5-10 വർഷക്കാലയളവിലേക്കുള്ള ബി.എച്ച്.എസ്സ്. പരിപാലന പദ്ധതി ആവിഷ്ക്ക രിക്കേണ്ടത് ബി.എം.സി./ബി.എച്ച്.എസ്സ്. പരിപാലന സമിതിയുടെ ചുമതലയാണ്.

d) അന്തിമ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സഹായിക്കേണ്ടതാണ്. പരിപാലന പദ്ധതിയിൽ ജൈവവൈവിധ്യ ശോഷണത്തിന് കാരണമാകുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ അവ ദൂരീകരിച്ച്, ജൈവവൈവിധ്യ സംരക്ഷണത്തിനായി സമൂഹത്തെ ശാക്തീകരിക്കു ന്നതിനാവശ്യമായ മാറ്റങ്ങൾ പദ്ധതിയിൽ വരുത്തിയും, പദ്ധതിയുടെ നടത്തിപ്പി നായി മറ്റു വകുപ്പുകളുടെ സഹകരണം സമൂഹത്തിന് ഉറപ്പാക്കിക്കൊണ്ടും സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ബി.എച്ച്.എസ്സ്. പരിപാലന പദ്ധതി നട പ്പിലാക്കുന്നതിന് സഹായിക്കാവുന്നതാണ്. ആവശ്യമെങ്കിൽ അത്തരം വകുപ്പുക ളെയും സന്നദ്ധസംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് അവബോധ പരിപാടി കൾ സംഘടിപ്പിക്കാവുന്നതാണ്.

e) പ്രദേശത്തെ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥകളെയും, ജീവജാലങ്ങളെയും വീണ്ടെടുക്കുന്നതിനും, പ്രാദേശികമായി വംശനാശ ഭീഷണി നേരിടുന്നതും, പ്രാദേശിക വംശനാശം സംഭവിച്ചതുമായിട്ടുള്ള വന്യജീവജാലങ്ങ ളിൽ സാധ്യമായവ വീണ്ടെടുക്കുന്നതിനും, നഷ്ടപ്പെട്ടതും, കുറഞ്ഞു വരുന്നതു മായ വളർത്തുമൃഗങ്ങളിലെ വൈവിധ്യത്തെയും പുറമെ നിന്നും കൊണ്ടുവന്ന് പ്ര

ദേശത്ത് ഉൾപ്പെടുത്തുന്നതിനു വേണ്ട എല്ലാവിധ പിന്തുണയും സംസ്ഥാന ജൈവവൈവിധ്യ ബോർഡും ബന്ധപ്പെട്ട വകുപ്പുകളും നൽകേണ്ടതാണ്.

f) ബി.എച്ച്.എസ്സ്. പരിപാലനത്തിനായി നിലനിൽക്കുന്ന സംരക്ഷണ പരിപാലന പദ്ധതികൾ ഡോക്യുമെന്റ് ചെയ്യുകയും അവ ബി.എച്ച്.എസ്സ്. പരിപാലന പദ്ധതിയായി പരിഗണിക്കുകയും വേണം.

g) സർക്കാരോ/ മറ്റ് ഏജൻസികളോ നടപ്പിലാക്കുന്ന പദ്ധതികൾ/പ്രവർത്തനങ്ങൾ ബി.എച്ച്.എസ്സിനെ ദോഷകരമായി ബാധിക്കുന്ന തരത്തിലുള്ളതാണെങ്കിൽ അവ ഒഴിവാക്കേണ്ടതാണ്.

h) നിർദ്ദിഷ്ട ബി.എച്ച്.എസ്സിൽ നിലനിൽക്കുന്ന വിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും പ്രാദേശിക സമൂഹത്തിനെ യാതൊരു വിധത്തിലും തടയുന്നതല്ല.

i) ചിലസന്ദർഭങ്ങളിൽ വിഭവങ്ങളുടെ ഉപയോഗത്തിന്മേൽ നിയന്ത്രണങ്ങളുണ്ടാകാറുണ്ടെങ്കിലും അവ തീർത്തും പ്രാദേശിക സമൂഹത്തിന്റെ ഭാഗത്തുനിന്നും സ്വമേധയായുള്ള നിയന്ത്രണമാണ്.

j) സർക്കാരിന്റെ വനപ്രദേശങ്ങളിലെയും റവന്യൂഭൂമിയിലെയും ബി.എച്ച്.എസ്സുകളുടെ പരിപാലനവും, വിഭവങ്ങളുടെ ഉപയോഗവും സംസ്ഥാന സർക്കാരിന്റെ അതാത് വകുപ്പുകൾ നിശ്ചയിക്കുന്ന പ്രകാരമായിരിക്കും.

**7. ബി.എച്ച്.എസ്സ്. പരിപാലന പദ്ധതിയിലെ ഘടകങ്ങൾ**

a) വിജ്ഞാപന പ്രകാരം കൃത്യമായും ഭരണപരമായ അതിരുകൾ തിരിച്ചിട്ടുള്ള ബി.എച്ച്.എസ്സ്. ഭൂപടം

b) ഉടമസ്ഥാവകാശ വിവരങ്ങൾ

c) നിലവിലെ ഭൂവിനിയോഗരീതി, സംരക്ഷണ പ്രവർത്തനങ്ങൾ, വിശ്വാസങ്ങൾ, പ്രാദേശിക സമൂഹത്തിന്റെ ആശ്രയത്വം.

d) പ്രദേശത്തെ പ്രധാന ജൈവവൈവിധ്യത്തെ സംബന്ധിക്കുന്ന വിവരങ്ങൾ, സ്ഥാനീയങ്ങൾ (Endemic species, വംശനാശ ഭീഷണി നേരിടുന്നവ, വംശനാശം സംഭവിക്കാവുന്നവ എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടെ.

e) പ്രദേശം, ശൈത്യകാല കുളക്കോഴി/ നീർപ്പക്ഷികളുടെ ഇടത്താവളം, നീർപ്പക്ഷികളുടെ പ്രത്യുൽപ്പാദന കേന്ദ്രം, വന്യമൃഗ ഇടനാഴി എന്നിവയാണോ എന്നുള്ള വിവരങ്ങൾ.

f) പ്രാദേശിക സമൂഹം ഉപയോഗിച്ചു വരുന്ന വിഭവങ്ങൾ, അവയുടെ അളവ്, പ്രാദേശിക സമ്പദ്ഘടനയിലെ അതിന്റെ പ്രാധാന്യം, വാണിജ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിൽ അതിൽ നിന്നും ലഭ്യമാകുന്ന ശരാശരി വരുമാനം തുടങ്ങിയ വിവരങ്ങൾ.

g) കഴിഞ്ഞ 10 വർഷക്കാലയളവിൽ ഉപയോഗരീതിയിൽ എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ കാരണം.

h) പ്രദേശത്തെ സസ്യ-ജന്തുജാലങ്ങൾ, പ്രകൃതിവിഭവങ്ങൾ എന്നിവയുടെ യഥാർത്ഥ സ്ഥിതിവിവരക്കണക്ക്.

i) സർക്കാർ/ അന്തർദ്ദേശീയ തലത്തിൽ പ്രദേശത്ത് വരുന്ന പദ്ധതികളുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ.

j) ജൈവവൈവിധ്യ സംരക്ഷണത്തിന്റെ നിലവാരം ഉയർത്തുന്നതിനും വിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുമുള്ള ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രാദേശിക സമൂഹത്തിന്റെ നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ.

k) ബി.എച്ച്.എസ്സിന് നിലവിലുള്ളതും ഉണ്ടായേക്കാവുന്നതുമായിട്ടുള്ള ഭീഷണികൾ, എന്തെങ്കിലും ഉണ്ടെങ്കിൽ.

l) സംരക്ഷണത്തിനും, പ്രാദേശിക സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗത്തിനുമായി പ്രത്യേകം പരിപാലനരീതികൾ.

m) ബി.എച്ച്.എസ്സ് രൂപീകരണത്തിലൂടെ പ്രതീക്ഷിക്കുന്ന പാരിസ്ഥിതികവും, സാമൂഹികവും/ സാമ്പത്തികമായ നേട്ടങ്ങളുൾ വസ്തുനിഷ്ഠപരമായി കാണിക്കേണ്ടതാണ്. (പദ്ധതി പൂർത്തീകരണത്തിലൂടെ പ്രതീക്ഷിക്കുന്ന വരുമാന നിർണ്ണയം ഉൾപ്പെടെ)

n) പദ്ധതിയിലെ ഓരോ ഘടകങ്ങളും പൂർത്തീകരിക്കുന്നതിനുള്ള ഏകദേശ സമയപരിധിയും, അവയുടെ വിജയം വിലയിരുത്തുന്നതിനുള്ള സൂചകങ്ങളും.

o) പരിപാലന സമിതിയുടെ മേൽപ്പറഞ്ഞ നടപടികൾ പ്രാദേശിക സമൂഹത്തിന്റെ പ്രകൃതിവിഭവസംരക്ഷണ - പരിപാലനങ്ങൾക്ക് തടസ്സമാകരുത്. പ്രാദേശിക സമൂഹം അനുവർത്തിച്ചുവരുന്ന രീതികളിലൂടെ സംരക്ഷണവും, സുസ്ഥിര പരിപാലനവും നടപ്പിലാകുന്നുണ്ടെങ്കിൽ പരിപാലന പദ്ധതി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല. പല സന്ദർഭങ്ങളിലും, പ്രാദേശിക സമൂഹത്തിന് പെട്ടെന്നൊരു പരിപാലന പദ്ധതി രൂപീകരിക്കുന്നതിന് കഴിയാറില്ലെങ്കിലും, അത് അവരുടെ പ്രദേശം ബി.എച്ച്.എസ്സായി അംഗീകരിക്കാത്തതിനുള്ള കാരണമായി കരുതേണ്ടതില്ല.

p) ബി.എച്ച്.എസ്സ് പരിപാലന പദ്ധതി കൈപ്പറ്റിക്കഴിഞ്ഞാൽ, അത് വിലയിരുത്തുന്നതിനായി സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഒരു വിദഗ്ദ സമിതി രൂപീകരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ പരിപാലനപദ്ധതിയുടെ അംഗീകാരത്തിനായി പ്രാദേശിക സമൂഹവുമായും, തദ്ദേശ സ്ഥാപനങ്ങളുമായും കൂടിയാലോചനകൾ നടത്താവുന്നതാണ്. സർക്കാർ ഏജൻസികളിൽ നിന്നും അർഹമായ ധനസഹായം ഉൾപ്പെടെയുള്ള സഹായ സഹകരണങ്ങൾ ലഭിക്കുന്നതിനായി ബി.

എച്ച്.എസ്സ്. പരിപാലന പദ്ധതി, ജില്ലാതല പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

q) അംഗീകരിച്ച പദ്ധതി ലഭിച്ചുകഴിഞ്ഞാൽ അത് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സ്വീകരിക്കേണ്ടതാണ്.

r) ബി.എം.സി. യുടെ നിർദ്ദേശങ്ങൾക്കനുസൃതമായി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിച്ച വിദഗ്ദ സംഘം പരിപാലന പദ്ധതി കാലാനുസൃതമായി വിലയിരുത്തേണ്ടതാണ്. (ബി.എം.സി. യുടെ അഭാവത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടതും, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് അംഗീകരിച്ചിട്ടുള്ളതുമായ പ്രാദേശിക സ്ഥാപനങ്ങൾ). പരിപാലന പദ്ധതി നടപ്പിലാക്കുന്നതിനു മുൻപ് തൽപ്പരകക്ഷികളുടെ അഭിപ്രായങ്ങൾക്കനുസൃതമായി ചില മാറ്റങ്ങൾ വരുത്താവുന്നതാണ്.

**8. ബി.എച്ച്.എസ്സിന്റെ നിരീക്ഷണ സംവിധാനം (Monitoring)**

a) സംസ്ഥാന തലത്തിൽ ഒരു നിരീക്ഷണ സമിതി സംസ്ഥാന ജൈവവൈവിധ്യ ബോർഡ് രൂപീകരിക്കേണ്ടതാണ്.

b) സംസ്ഥാനതല സംരക്ഷണ സമിതിയിൽ താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നും വന്യ-വളർത്തു ജൈവവൈവിധ്യ സംരക്ഷണത്തിലും, ബന്ധപ്പെട്ട സാമൂഹിക -സാമ്പത്തിക രംഗത്തും പ്രഗത്ഭരായ വ്യക്തികളെ ഉൾപ്പെടുത്തേണ്ടതാണ്.

1. സംസ്ഥാനതല നിരീക്ഷണ സമിതിയുടെ ചെയർമാനും, CEO യും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വൈസ് ചെയർമാനുമായിരിക്കും.
2. പ്രാദേശിക സമൂഹത്തിൽ നിന്നും ഒരു പ്രതിനിധി,
3. നിർദ്ദിഷ്ട ബി.എച്ച്.എസ്സിന്റെ വനസംരക്ഷണം/വന്യജീവികൾ/കാർഷിക വൈവിധ്യം/ ജലകൃഷി പരിപാലനം എന്നീ മേഖലകളിൽ പ്രാഗത്ഭ്യവും, പരിചയവുമുള്ള ഒരു വിദഗ്ദൻ,
4. ഒരു ബി.എം.സി അംഗം/ ബി.എച്ച്.എസ്സ് പരിപാലന സമിതി അംഗം (ബി.എം.സി യുടെ അഭാവത്തിൽ തദ്ദേശസ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രാദേശിക സ്ഥാപനങ്ങൾ.)
5. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള പ്രതിനിധി,
6. റവന്യൂ വകുപ്പിൽ നിന്നുള്ള പ്രതിനിധി.

c) സംസ്ഥാനതല നിരീക്ഷണ സമിതി, പരിപാലന പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച് ഓരോ ഘടകങ്ങളിലേയും നേട്ടങ്ങളും, കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നിർദ്ദേശങ്ങളും സഹിതം (ഗുണസംബന്ധമായും, സാധ്യമെങ്കിൽ പരിമാണസംബന്ധമായും)കാലാനുസൃതമായി റിപ്പോർട്ട് സംസ്ഥാന ജൈവവൈവിധ്യ

ബോർഡിന് സമർപ്പിക്കേണ്ടതാണ്.  ഈ സമിതി പരിപാലന പദ്ധതിയുടെ നടത്തിപ്പ് കാലാനുസൃതമായി വിലയിരുത്തേണ്ടതാണ്.

d) നിരീക്ഷണ സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

**9. ബജറ്റ്**

a) സംസ്ഥാന സർക്കാർ ഒരു ബി.എച്ച്.എസ്സ്. പ്രഖ്യാപിച്ചു കഴിഞ്ഞാൽ പ്രാരംഭ നടപടികൾക്ക് ആവശ്യമായ ധനസഹായം സംസ്ഥാന ജൈവവൈവിധ്യ ബോർഡിലൂടെ എൻ.ബി.എ. അനുവദിക്കുന്നതാണ്.  അതോടൊപ്പം ബി.എച്ച്.എസ്സിനുവേണ്ട സാമ്പത്തികം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. സംസ്ഥാന സർക്കാരിനും ബി.എച്ച്. എസ്സ്. വിജ്ഞാപനത്തിനുശേഷം, ഒരു  പ്രാരംഭ തുക സംസ്ഥാന  ജൈവവൈവിധ്യ ബോർഡു മുഖേന അനുവദിക്കാവുന്നതാണ്. ബി.എച്ച്.എസ്സ്. പരിപാലനത്തിനാവശ്യമായ സാമ്പത്തികം, സാധ്യമായ എല്ലാ സർക്കാർ പദ്ധതികളിലൂടെയും, നിയമപരമായിട്ടുള്ള സാമ്പത്തിക സ്ത്രോസ്സുകളിൽ നിന്നും കണ്ടെത്തേണ്ടത് ബി.എച്ച്.എസ്സ്. പരിപാലകരായ ബി.എം.സി. കളാണ്. നിലവിലുള്ളതോ/പുതിയതായിട്ടുള്ളതോ ആയ ബി.എം.സിയുടെ ദേശസാത്കൃത ബാങ്കിലെ സേവിംഗ്സ്  അക്കൗണ്ടിലേക്കാണ് ബി.എച്ച്.എസ്സിന്റെ തുകയും ചേർക്കുന്നത്. അക്കൗണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്നതുപോലെ നിയമപരമായിട്ടുള്ള വാർഷിക ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതാണ്.

**10. പലവക (Miscellaneous)**

a) ബി.എച്ച്.എസ്സിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ കൃത്യമായ അവബോധം ഉണ്ടാകുന്നുണ്ടെന്ന് സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ഉറപ്പുവരുത്തേണ്ടതാണ്.  മാധ്യമങ്ങൾ, ശില്പശാലകൾ, ലഘുലേഖകൾ തുടങ്ങിയവയിലൂടെ അവബോധനം നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾക്ക് എൻ.ബി.എ. നൽകുന്നതാണ്.

b) സന്നദ്ധ സംഘടനകൾ, ബി.എം.സി. കൾ/ പരിപാലക സ്ഥാപനങ്ങൾ, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സർവ്വകലാശാല സ്ഥാപനങ്ങൾ, വിദഗ്ദർ, തുടങ്ങിയവരെ ഉൾപ്പെടുത്തികൊണ്ട് ബി.എച്ച്.എസ്സുകളുടെ അവലോകനയോഗം എല്ലാവർഷവും എൻ.ബി.എ. നടത്തുന്നതാണ്. യോഗത്തിലെ തീരുമാനങ്ങളും,  നടപടിക്രമങ്ങളും കേന്ദ്ര പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

c) 2002 ലെ ജൈവവൈവിധ്യ ആക്ടിലെ ചട്ടകൂടിനുള്ളിൽ നിന്നുകൊണ്ട്, വിദഗ്ദാഭിപ്രായങ്ങൾ ഉൾപ്പെടുത്തികൊണ്ട്, സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ രൂപീക

രിക്കുന്നതിന് സഹായകമാകും വിധമാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി യിട്ടുള്ളത്.

d) ദേശീയ ജൈവവൈവിധ്യ അതോറിറ്റി മുഖേന കേന്ദ്ര സർക്കാരുമായി കൂടി യാലോചിച്ച്, സംസ്ഥാന സർക്കാരുകൾക്ക് ചട്ടങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

## ബി.എച്ച്.എസ്. പരിപാലനത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ (എസ്.ബി.ബി.) പങ്ക്

**പ്രാദേശിക മാധ്യമങ്ങളിലൂടെ ബി.എച്ച്.എസ്സിനെക്കുറിച്ചുള്ള അവബോധം ഉറപ്പുവരുത്തുക.**

↓

**എൻ.ബി.എ. മുഖേന കേന്ദ്രസർക്കാരുമായി കൂടിയാലോചിച്ച് സംസ്ഥാന സർക്കാരുകൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.**

↓

**ബി.എച്ച്.എസ്സ്. പ്രഖ്യാപന ശേഷം, പ്രവർത്തനത്തിനാവശ്യമായ പ്രാരംഭ ഫ് എൻ.ബി.എ. നൽകുന്നതാണ്**

↓

**NBA/MoEF അനുവദിക്കുന്ന പ്രാരംഭ ഫ് തദ്ദേശീയ ജൈവവൈവിധ്യ ഫിൽ (LBF) നിക്ഷേപിക്കുന്നതാണ്.**

↓

**എല്ലാ വിജ്ഞാപനങ്ങളും എസ്.ബി.ബി., എൻ.ബി.എ.യെ അറിയിക്കണം.**

↓

**ബി.എം.സി./എസ്.ബി.ബി. മുഖേന പ്രവർത്തന വിവരങ്ങൾ എൻ.ബി.എ. യ്ക്ക് ലഭ്യമാകുന്നതാണ്.**

# ബി.എച്ച്.എസ്സിന്റെ കണ്ടെത്തൽ, വിജ്ഞാപനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ബി.എം.സി./ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുഖേന ബി.എച്ച്.എസ്സ്. വിജ്ഞാപനത്തിനുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു

↓

ബി.എച്ച്.എസ്സിന്റെ നിർദ്ദിഷ്ട സ്ഥലങ്ങൾ എസ്.ബി.ബി. കത്തെുന്നു

↓

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പൊതുചർച്ച

↓

പ്രാദേശിക മാധ്യമങ്ങളിലൂടെ പ്രാഥമിക വിജ്ഞാപനം എസ്.ബി.ബി. പുറപ്പെടുവിക്കുന്നു.

↓

12 പേരടങ്ങുന്ന സമിതിയുടെ രൂപീകരണം (SBB/BMC/LSG യിലെ വിദഗ്ദർ, സന്നദ്ധ സംഘടനകൾ, തുടങ്ങിയവർ ഉൾപ്പെടെ)

↓

ബി.എച്ച്.എസ്. സമിതിയുടെ പാരിസ്ഥിതിക ഘടകങ്ങളുടെ പഠനം (3–6 മാസത്തേക്ക്)(പ്രാദേശിക സമൂഹം, കർഷകർ, വനവാസികൾ)

↓

ബി.എച്ച്.എസ്സ്. സർവ്വേ റിപ്പോർട്ട് ബി.എം.സി.യ്ക്ക് സമർപ്പിക്കുന്നു.

↓

പ്രാദേശിക സമൂഹത്തിന്/എൽ.എസ്.ജി.ക്ക് അറിവ് പകർന്നു നൽകൽ

↓

എസ്.ബി.ബി. റിപ്പോർട്ട് വിലയിരുത്തി ബോർഡിൽ വയ്ക്കുന്നു

↓

സർക്കാരിലേക്ക് വിജ്ഞാപനത്തിനായി നൽകുന്നു

↓

ബി.എച്ച്.എസ്സ്. കരട് വിജ്ഞാപനം

↓

30 ദിവസത്തിനു ശേഷം പൊതു അദാലത്ത്

↓

ബി.എച്ച്.എസ്സ്. വിജ്ഞാപനത്തിനു ശേഷം വിജ്ഞാപനത്തിന്റെ പകർപ്പ് എസ്.ബി.ബി. എല്ലാ വകുപ്പുകൾക്കും നൽകുന്നു.

കുറിപ്പ്: അടിയന്തിര സന്ദർഭങ്ങളിൽ, മേൽ പ്രസ്താവിച്ച നടപടികൾ വിജ്ഞാപനത്തിനുശേഷം നടത്താവുന്നതാണ്.

# ബി.എച്ച്.എസ് പരിപാലനം

ബി.എച്ച്.എസ് പരിപാലനത്തിനായി ബി.എം.സി. യുടെ നേതൃത്വത്തിൽ ബി.എം.സി/ബി.എച്ച്.എസ് പരിപാലന സമിതി രൂപീകരണം

↓

ബി.എം.സി./ ബി.എച്ച്.എസ്. പരിപാലന സമിതി 5-10 വർഷ ത്തേക്കുള്ള പരിപാലന പദ്ധതി തയ്യാറാക്കുന്നു

↓

എസ്.ബി.ബി. പരിപാലന പദ്ധതി വിലയിരുത്തൽ, ബി.എച്ച്.എസ്. സന്ദർശനം, ചർച്ചകൾ, പരിപാലന പദ്ധതിയുടെ നടത്തിപ്പ്

↓

പരിപാലന പദ്ധതി ജില്ലാതല പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നു.

↓

എസ്.ബി.ബി. രൂപീകരിച്ച വിദഗ്ദ സമിതി കാലാനുസൃതമായി പദ്ധതിയിൽ മാറ്റം വരുത്തുന്നു